# ഗവ. എസ്. വി. എൽ. പി. എസ്
# കടയ്ക്കാട്

**അക്കാദമിക് മാസ്റ്റർ പ്ലാൻ**

2025 – 2026

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിക്കപ്പെട്ട ആശയമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഒരക്കാദമിക വർഷത്തിലെ വിവിധങ്ങളായുള്ള ആസൂത്രണങ്ങളുടെ മുൻകൂട്ടി തയ്യാറാക്കുന്ന മാർഗരേഖ എന്ന നിലയിൽ ഗവ.എസ്.വി.എൽ.പി.എസ് കടയ്ക്കാട് സ്കൂൾ 2025-2026 അദ്ധ്യായന വർഷത്തേക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി പുറത്തിറക്കുന്നു.

ശിശു കേന്ദ്രീകയതവും നൂതന വിദ്യാഭ്യാസ രീതികൾക്ക് അനുസരിച്ചും തയ്യാറാക്കിയിരിക്കുന്ന ഈ മാസ്റ്റർ പ്ലാൻ കുട്ടികളുടെ സമഗ്രപുരോഗതി ലക്ഷ്യം വയ്ക്കുന്നു. 2025-2026 അദ്ധ്യായന വർഷം സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിപുലമായ രീതിയിൽ അദ്ധ്യായന വർഷാരംഭം മുതൽ നടത്തി വരുന്നു. ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണക്കാക്കി എല്ലാ കുട്ടികളുടേയും സമഗ്രമായ വികസനമാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്.പി.റ്റി.എ രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം വച്ചിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി ഏറ്റവും മികച്ച രീതിയിൽ നടപ്പാക്കണം എന്ന ഉറപ്പോടും അഭിമാനത്തോടും കൂടി സമർപ്പിക്കുന്നു.

# അവസ്ഥാ വിശകലനം

2025-26 അദ്ധ്യായന വർഷത്തിൽ പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ 52 കുട്ടികൾ നമ്മുടെ സ്ക്കൂളിൽ അദ്ധ്യായനം നടത്തി വരുന്നു.

| ക്ലാസ്സ് | കുട്ടികൾ<br>ആൺ/പെൺ |
|---|---|
| പ്രീപ്രൈമറി | 8 |
| I | 4 + 1 = 5 |
| II | 8 + 4 = 12 |
| III | 7 + 7 = 14 |
| IV | 5 + 8 = 13 |

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് കൂടുതലും നമ്മുടെ സ്കൂളിൽ അദ്ധ്യായനം നടത്തുന്നത്. ഇവർക്കായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് സ്കോളർഷിപ്പ് പദ്ധതികൾ സമയബന്ധിതമായി തന്നെ അപേക്ഷിക്കുകയും അവ കുട്ടികൾക്ക് ലഭ്യമാക്കു കയും ചെയ്യുന്നു. ഓരോ ക്ലാസിലും പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ കൃത്യമായ രീതിയിൽ കുട്ടികളിൽ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടവന്നു വരുന്നു. ഈ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ ICT പഠന സാമഗ്രികൾ, പഠനോപകരണങ്ങൾ മറ്റ് സാധ്യതകൾ എന്നിവ ഫലപ്രദമായി തന്നെ ക്ലാസ്സ് മുറികളിൽ പ്രയോജനപ്പെടുത്തുന്നു.

## ഭൗതിക സാഹചര്യം

- 1998-ൽ പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ശ്രീ.ഹക്കിംഷായുടെ നേതൃത്വ ത്തിൽ പുതിയ സൂക്കൂൾ കെട്ടിടം പണിതു. 1999 ജൂൺ 1-ാം തീയതി പുതിയ കെട്ടിടത്തിൽ സ്ക്കൂൾ ആരംഭിക്കുകയും ചെയ്തു.
- കുട്ടികൾക്ക് അനുയോദ്യമായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്ന രീതിയിൽ ക്ലാസ്സുകൾ
- വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനായി ഒരു സ്മാർട്ട് ക്ലാസ്സ് രൂഊം
- ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക ശുചിമുറികൾ
- കുട്ടികൾക്ക് ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള പാചകപ്പുറ
- പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം
- സ്ക്കൂളിന്റെ സമഗ്രവികസനത്തിന് എല്ലാ പിന്തുണയും നൽകുന്ന എസ്.എം.സി, പിടി.എ കൂട്ടായ്മ.

## പരിമിതികൾ

- വിദ്യാലയത്തിന് അകത്തും പുറത്തും സ്ഥല പരിമിതി നേരിടുന്നു.
- പ്രത്യേകം ക്ലാസ്സ് മുറികൾ ഇല്ല.
- ലാബ്, ലൈബ്രേറി എന്നിവയ്ക്ക് പ്രത്യേക സൗകര്യമില്ല.

- ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിൽ ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്ക് വേണ്ട പഠനോപകരണങ്ങളുടെ അഭാവം.
- മാലിന്യ സംസ്കരണ പ്ലാന്റിന്റെ അപര്യാപ്തത.
- കായിക പരിശീലനത്തിന് സ്ഥല പരിമിതി.
- കമ്പ്യൂട്ടർ ലാബിന്റെ അഭാവം.

സ്ക്കൂൾ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സ്ക്കൂളിൽ സുരക്ഷാ രജിസ്റ്റർ സൂക്ഷിക്കുന്നു. ഓരോ ദിവസത്തെയും സുരക്ഷാ ചുമതല പ്രത്യേകം അധ്യാപകർക്ക് നൽകുന്നു.

**ലക്ഷ്യങ്ങൾ**

ഹ്രസ്വകാല ലക്ഷ്യം :-

| **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠന പുരോഗതി കൈവരിക്കുക | 3 - 4 മാസം | SRG<br>ക്ലാസ് അദ്ധ്യാപകർ |
| അടുക്കളത്തോട്ടം | 3 - 4 മാസം | പി.ടി.എ<br>SRG |
| ഔഷധത്തോട്ടം | 3 - 4 മാസം | പി.ടി.എ<br>അദ്ധ്യാപകർ |
| എൽ.എസ്.എസ്. പരിശീലനം | 1 - 8 മാസം | എല്ലാ<br>അദ്ധ്യാപകർ |
| മധുരം മലയാളം, ഗണിത മധുരം, ഉല്ലാസ ഗണിതം, ഹലോ ഇംഗ്ലീഷ് തുടങ്ങിയ പ്രവർത്തനങ്ങൾ | അക്കാദമിക് വർഷം | അദ്ധ്യാപകർ |

**ദീർഘകാല ലക്ഷ്യം**

| **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
|---|---|---|
| ലൈബ്രറി<br>ലാബ്<br>വായനക്കൂട്ടം<br>ഇംഗ്ലീഷ് പഠനം<br>ഭാഷാപോഷണ പരിപാടി | 1 - 2 വർഷം | പി.ടി.എ<br>SRG<br>അദ്ധ്യാപകർ |
| ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 1 - 2 വർഷം | പഞ്ചായത്ത് സന്നദ്ധ സംഘടനകൾ സ്ഥാപനങ്ങൾ SMC |
| റീഡിങ് റൂം<br>കളി ഉപകരണങ്ങൾ | | |

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം : 1

പേര് : പുസ്തകം എന്റെ ചങ്ങാതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ വായനശീലം വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിരപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | അദ്ധ്യാപകർ |

പ്രവർത്തനം : 2

പേര് : പിറന്നാൾ പുസ്തകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനശീലം വളർത്തുക | എല്ലാ ക്ലാസ്സുകളിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലുടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 3

പേര് : ഉച്ചഭാഷിണി വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അർത്ഥ പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ആഴ്ചയിൽ 2 ദിവസം ഓരോ കുട്ടികളുടേയും വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |

പ്രവർത്തനം : 4

പേര് : കയ്യെഴുത്തു മാഗസിൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരി ക്കുന്നതിനുള്ള കഴിവ് നേടുന്നു. | മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസിൽ കയ്യെഴുത്തു മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 5

പേര് : പതിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരി ക്കുന്നതിനുള്ള കഴിവ് നേടുന്നു. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പതിപ്പ് തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും, എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ | പഠന നില കണ്ടെത്തൽ<br>• പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകൾ കണ്ടെത്തി | ജൂൺ | |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ<br>• ‘‘ഹലോ ഇംഗ്ലീഷ്’’ ക്ലാസ്സുകൾ<br>• ലൈബ്രറി പുസ്തകം വിതരണം<br>• ഡയറി എഴുത്ത് - ഇംഗ്ലീഷ്<br>• ഇംഗ്ലീഷ് അസംബ്ലി<br>• ഇംഗ്ലീഷ് വായന കാർഡ്<br>• മാജിക് വേർഡ്സ് | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് അദ്ധ്യാപകർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ചെയ്യുന്നതിനുളള ശേഷി വികസിപ്പിക്കുക | പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• ശ്രദ്ധ പരിപാടികൾ<br>• അബാക്കസ് നിർമ്മാണം ഉപയോഗം<br>• ഗണിത കേളി<br>• സംഖ്യാറിബൺ - സംഖ്യാ മാല | ജൂൺ | |
| ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുന്നു | • ചതുഷ്ക്രിയകൾ<br>• രൂപങ്ങൾ നിർമ്മിക്കൽ<br>• ICT സാധ്യതാ പ്രവർത്തനങ്ങൾ<br>• ഒറിഗാമി<br>• ഗണിതപ്പതിപ്പ് | മാർച്ച് വരെ | |

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തൽ, ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയ പ്പെടുത്തൽ, ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിൽ ഉപയോഗിക്കുക | • സയൻസ് ക്ലബ്ബ്<br>• ശാസ്ത്ര പ്രദർശനം<br>• ലഘു പരീക്ഷണങ്ങൾ<br>• ഊർജ്ജ സംരക്ഷണ പ്രവർത്തനം<br>• പ്രകൃതി പഠനയാത്ര<br>• കുടിവെള്ള സംരക്ഷണ പ്രവർത്തനം<br>• കൊതുക് നശീകരണ പ്രവർത്തനങ്ങൾ<br>• ബോധവത്കരണ റാലി<br>• പച്ചക്കറിത്തോട്ട നിർമ്മാണം<br>• ഫീൽഡ് ട്രിപ്പ്<br>• മണ്ണ് സംരക്ഷണം പ്രവർത്തനം<br>• ICT സാധ്യതകൾ<br>• പ്രവൃത്തി പരിചയം | ജൂൺ മുതൽ മാർച്ച് വരെ | |

## പ്രവൃത്തി പരിചയം :

**ലക്ഷ്യം** :-

- നിർമ്മാണാത്മകമായ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു.

**പ്രവർത്തനം** :-

പാഴ് വസ്തുക്കളിൽ നിന്നും പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.

ചുമതല - അദ്ധ്യാപകർ

## കലാരംഗം

**ലക്ഷ്യം** :-

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുന്നു.
- കലാഭിരുചി വളർത്തുന്നു.
- ഇതര വിഷയങ്ങളുമായി കലാ പഠനത്തെ ബന്ധിപ്പിക്കുന്നു.

**പ്രവർത്തനം** :–

സ്കിറ്റ്, നാടകം, നാടൻ പാട്ടുകൾ, വായ്ത്താരികൾ, കഥാകഥനം, കവിതാലാപനം

## ഐ.സി.റ്റി :–

**പ്രവർത്തനം** :–

- ഫലപ്രദമായി വിഷയാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നു.
- കുട്ടികൾക്ക് നിർഭയമായി കമ്പ്യൂട്ടർ ഉപയോഗിക്കുവാൻ അവസരം നൽകുന്നു.
- ആഴ്ചയിൽ പിരീഡുകൾ നൽകുന്നു.
- ക്ലാസ് പ്രവർത്തനം രസകരമാക്കുന്നു.

## ആരോഗ്യ കായികം

**ലക്ഷ്യം** :–

എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പുവരുത്തുക. ആരോഗ്യ ശീലങ്ങൾ വളർത്തുക

- സ്ഥല പരിമിതികൾ മറികടന്ന് കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങൾ.
- ചെസ്, പാമ്പ്കോണി, ഡയസ് തുടങ്ങിയവ
- വ്യായാമം - അസംബ്ലിയിൽ
- സുംബ ഡാൻസ്
- യോഗ
- മറ്റ് കായിക വിനോദങ്ങൾ

# വിവിധ പ്രവർത്തനങ്ങളുടെ ഏകോപനം

**എസ്.ആർ.ജി. മീറ്റിംഗ്**

എല്ലാ തിങ്കാളാഴ്ചയും എസ്.ആർ.ജി മീറ്റിംഗ് കൂടുന്നു. പാഠ്യപഠ്യേതര വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നു.

**പി.ടി.എ, എസ്.എം.സി**

സ്ക്കൂളിന്റെ സമഗ്ര പുരോഗതിയ്ക്ക് ഉതകുന്ന രീതിയിൽ പി.ടി.എ, എസ്.എം.സി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു.

**ക്ലബ്ബ് പ്രവർത്തനങ്ങൾ**

- പരിസ്ഥിതി ക്ലബ്ബ്
- ഗണിത ക്ലബ്ബ്
- ഹെൽത്ത് ക്ലബ്ബ്
- സുരക്ഷാ ക്ലബ്ബ്
- ഇംഗ്ലീഷ് ക്ലബ്ബ്
- സയൻസ് ക്ലബ്ബ്

എന്നീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു.

# പ്രവർത്തന കലണ്ടർ

| ക്രമ. നമ്പർ | പ്രവർത്തനങ്ങൾ | തീയതി | ചുമതല |
|---|---|---|---|
| 1. | SRG യോഗം | ജൂൺ 2 | SRG |
| 2. | സ്ക്കൂൾ പച്ചക്കറിത്തോട്ടം | ജൂൺ 5<br>ആഗസ്റ്റ് 5 | സയൻസ് ക്ലബ്ബ് |
| 3. | വായന വാരം | ജൂൺ 19 - 26 | വിദ്യാരംഗം |
| 4. | PTA മീറ്റിംഗ് | ജൂൺ 20 | |
| 5. | SRG യോഗം, പഠന പിന്തുണ പ്രവർത്തനങ്ങൾ | ജൂൺ 30 | SRG |
| 6. | ബഷീർ ചരമ ദിനം - ജൂലൈ 5 | ജൂലൈ 7 | വിദ്യാരംഗം |
| 7. | SRG യോഗം | ജൂലൈ<br>7, 14, 21, 28 | SRG |
| 8. | ലോക ജനസംഖ്യാ ദിനം | ജൂലൈ 11 | |
| 9. | ചന്ദ്ര ദിനം | ജൂലൈ 21 | സയൻസ് ക്ലബ്ബ് |
| 10. | സ്ക്കൂൾ തെരഞ്ഞെടുപ്പ് | ജൂലൈ 23 | സയൻസ് ക്ലബ്ബ് |
| 11. | PTA പൊതുയോഗം | ജൂലൈ 31 | |
| 12. | SRG യോഗം | ആഗസ്റ്റ്<br>14, 11, 18, 25 | SRG |
| 13. | ഹിരോഷിമ ദിനം | ആഗസ്റ്റ് 6 | സയൻസ് ക്ലബ്ബ് |
| 14. | സ്വാതന്ത്ര്യ ദിനം | ആഗസ്റ്റ് 15 | |
| 15. | PTA പൊതുയോഗം | ആഗസ്റ്റ് 18 | |
| 16. | ഓണോഘോഷം | ആഗസ്റ്റ് 27 | SRG |
| 17. | SRG യോഗം | സെപ്റ്റംബർ<br>8, 15, 22, 29 | SRG |
| 18. | ഓസോൺ ദിനം | സെപ്റ്റംബർ 16 | സയൻസ് ക്ലബ്ബ് |
| 19. | ക്ലാസ്സ് PTA | സെപ്റ്റംബർ 17 | |
| 20. | സാഹിത്യ ശിൽപശാല - വിദ്യാരംഗം കലോത്സവം | സെപ്റ്റംബർ 23 | വിദ്യാരംഗം |
| 21. | SRG യോഗം | ഒക്ടോബർ<br>6, 13, 21, 27 | SRG |
| 22. | പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ | ഒക്ടോബർ 15 | SRG,<br>സയൻസ് ക്ലബ്ബ് |

| ക്രമ. നമ്പർ | പ്രവർത്തനങ്ങൾ | തീയതി | ചുമതല |
|---|---|---|---|
| 23. | ക്ലാസ്സ് PTA | ഒക്ടോബർ 21 | |
| 24. | SRG യോഗം | നവംബർ<br>3, 10, 17, 24 | SRG |
| 25. | സിശു ദിനം | നവംബർ 14 | സയൻസ് ക്ലബ്ബ് |
| 26. | സ്ക്കൂൾ അടുക്കളത്തോട്ടം ഒരുക്കൽ രണ്ടാം ഘട്ടം | നവംബർ 18 | സയൻസ് ക്ലബ്ബ് |
| 27. | സ്ക്കൂൾ പൂന്തോട്ടം വിപുലമാക്കൽ | നവംബർ 21 | |
| 28. | ക്ലാസ്സ് PTA | നവംബർ 27 | |
| 29. | SRG | ഡിസംബർ<br>1, 8, 15, 22, 29 | SRG |
| 30. | ഗണിത ശിൽപ്പശാല | ഡിസംബർ 12 | ഗണിത ക്ലബ്ബ് |
| 31. | PTA പൊതുയോഗം | ഡിസംബർ 15 | |
| 32. | SRG | ജനുവരി<br>5, 12, 19, 27 | SRG |
| 33. | ക്ലാസ്സ് PTA | ജനുവരി 5 | |
| 34. | ഫീൽഡ് ട്രിപ്പ് | ജനുവരി 16 | സയൻസ് ക്ലബ്ബ് |
| 35. | പോഷകാഹാര മേള | ജനുവരി 22 | ഹെൽത്ത് ക്ലബ്ബ് |
| 36. | റിപ്പബ്ലിക് ദിനം | ജനുവരി 26 | |
| 37. | SRG | ഫെബ്രുവരി<br>2, 9, 16, 23 | SRG |
| 38. | വിദ്യാരംഗം - കലാപരിപാടികൾ | ഫെബ്രുവരി<br>10 | വിദ്യാരംഗം |
| 39. | ദേശീയ ശാസ്ത്ര ദിനം | ഫെബ്രുവരി<br>27 | സയൻസ് ക്ലബ്ബ് |
| 40. | SRG | മാർച്ച്<br>2, 9, 16, 23 | SRG |
| 41. | പഠനോത്സവം (കുട്ടികൾ പഠനത്തെളിവുകളും, ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്നു) | | SRG |
| 42. | PTA പൊതുയോഗം | | |
| 43. | സ്ക്കൂൾ വാർഷികം | | |

# ഉപസംഹാരം

വിദ്യാഭ്യാസം എന്നത് അറിവ്, കഴിവുകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ വ്യക്തിയിലേക്ക് പകർന്നു നൽകുന്ന പ്രക്രിയയാണ്. ഒരു തലമുറയിൽ നിന്ന് അടുത്ത തല മുറയിലേക്ക് അറിവ്, വൈദഗ്ദ്യം, സംസ്കാരം തുടങ്ങിയവ പകർന്നു നൽകപ്പെടുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്.

സമഗ്ര ഗുണമേന്മ പദ്ധതിയുട ഭാഗമായി അക്കാദമിക തലത്തിൽ സർവതോന്മുഖമായി കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണക്കാക്കി ഏതു മേഖലയിലാണ് കുട്ടികൾക്ക് കൂടുതൽ കഴിവ് തെളിയിക്കാൻ കഴിയുന്നത് എന്ന് മനസ്സിലാക്കി ആ കുട്ടിയെ പരമാവധി പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യം വയ്ക്കുന്നത്.

നമ്മൾ നിറഞ്ഞ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് വിശ്വാസത്തോട ഏവർക്കും മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു.